(ഇ) ഈ വർഷം ഈ പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതികൾ നടപ്പിലാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പിള്ളേനിയിലും (1000-1200 MW)

ബ്രഹ്മപുരത്തും (1026 MW)

(ഡി) ഇപ്പോഴുള്ള പക്ഷ്യമനുസരിച്ച് പിള്ളേനിയിൽ 1200 മെഗാവാട്ടും ബ്രഹ്മപുരത്ത് 1026 മെഗാവാട്ടും പദ്ധതികൾ പൂർത്തീകരിക്കുമ്പോൾ സമാഹിത ശേഷിയിൽ 2226 മെഗാവാട്ടിന്റെ വർദ്ധനവുണ്ടാകും.

(ഇ) ഈ പദ്ധതികൾ 2014-15 വർഷത്തോടെ പൂർത്തീകരിക്കാനാണ് ഇപ്പോൾ പക്ഷ്യം വയ്ക്കുന്നത്.

വൈദ്യുതി ബോർഡിൽ നിന്നും വൈദ്യുതി വാങ്ങി വിതരണം ചെയ്യുന്ന ഏജൻസികൾ വരുത്തിയ കുടിശ്ശിക

147 (4210) ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് പാഴിക്കാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിന്നോക്ക വിഭാഗ സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ നിന്നും മൊത്തമായി വൈദ്യുതി വാങ്ങി വിതരണം ചെയ്യുന്ന എത്ര ഏജൻസികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് ; ഏജൻസികൾ ഏതെല്ലാമാണ് ;

(ബി) പ്രസ്തുത ഏജൻസികളിൽ നിന്ന് ഈടാക്കുന്ന വൈദ്യുതിയുടെ നിരക്ക് യൂണിറ്റ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(സി) 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിൽ പ്രസ്തുത ഏജൻസികൾക്ക് നൽകിയ വൈദ്യുതിയുടെ നിരക്കിൽ എത്ര തവണ വർദ്ധനവ് വരുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) വൈദ്യുതി വാങ്ങി വിതരണം ചെയ്ത വകയിൽ പ്രസ്തുത ഏജൻസികൾ ബോർഡിന് കുടിശ്ശിക വരുത്തിയിട്ടുണ്ടോ ; എങ്കിൽ ഓരോ ഏജൻസിയും കുടിശ്ശിക ഇനത്തിൽ അടച്ചുതീർക്കാനുള്ള തുകയെത്രയാണ് ; വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വൈദ്യുതി ബോർഡിൽ നിന്നും മൊത്തമായി വൈദ്യുതി വാങ്ങി വിതരണം ചെയ്യുന്ന എട്ടു ലൈസൻസികൾ കേരളത്തിലുണ്ട്.

1. കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക്ക് സോൺ
2. കൊച്ചിൻ പോർട്ട് ട്രസ്റ്റ്
3. കണ്ണൻദേവൻ ഹിൽസ് പ്ലാന്റേഷൻസ് കമ്പനി (പ്രൈവറ്റ്) ലിമിറ്റഡ്
4. കിനെസ്കോ പവർ യൂട്ടിലിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ്
5. ടെക്നോപാർക്ക്
6. റബ്ബർ പാർക്ക് ഇന്ത്യ (പ്രൈവറ്റ്) ലിമിറ്റഡ്
7. മിലിട്ടറി എഞ്ചിനീയറിംഗ് സർവ്വീസസ്
8. തൃശ്ശൂർ കോർപ്പറേഷൻ.

(ബി) 26-11-2007-ൽ സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം പ്രസ്തുത ലൈസൻസികളുടെ താരിഫ് പുവടെ ചേർക്കുന്നു :

	11. കെ.വി.	66 കെ.വി.	110 കെ.വി
പ്രതിമാസ ഡിമാന്റ് ചാർജ്ജ് (രൂപ/ കെ.വി.എ. ബില്ലിംഗ് ഡിമാന്റ്)	270	260	245
എനർജി ചാർജ്ജ് രൂപ/യൂണിറ്റ്	2.85	2.75	2.75

(സി) 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിൽ പ്രസ്തുത ലൈസൻസികൾക്ക് നൽകിയ വൈദ്യുതിയുടെ നിരക്കിൽ 1-12-2007 മുതൽ പ്രാബല്യം നൽകിക്കൊണ്ട് ഒരു തവണ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഏപ്രിൽ 2003 മുതൽ നിലവിലുണ്ടായിരുന്ന വൈദ്യുതി നിരക്ക്പ്രകാരം

പ്രസ്തുത ലൈസൻസികളെ ജി(1), ജി(2) എന്നീ വിഭാഗങ്ങളിലായി തരം തിരിച്ചുള്ള ഗ്രിഡ് താരിഫാണ് ഈടാക്കിയിരുന്നത്. ഈ നിരക്കുകൾ ചുവടെ ചേർക്കുന്നു :

	11 കെ. വി.		66 കെ. വി.		110 കെ. വി.	
	ജി	ജി	ജി	ജി	ജി	ജി
പ്രതിമാസ ഡിമാൻഡ് ചാർജ്ജ്(രൂപ കെ.വി.എ. ബില്ലിംഗ് ഡിമാന്റ്)	255	255	240	240	225	225
എനർജി ചാർജ്ജ് രൂപ/യൂണിറ്റ്	2.15	2.75	2.05	2.60	2.05	2.60

ഇവ 26-11-2007-ലെ സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ ഉത്തരവിലൂടെ ബി ചോദ്യത്തിന്റെ ഉത്തരത്തോടൊപ്പം നൽകിയിട്ടുള്ള പട്ടിക പ്രകാരം 1-12-2007 മുതൽ പരിഷ്ക്കരിച്ചു.

(ഡി) ഉണ്ട്. 31-3-2010-ലെ കണക്കുകൾ പ്രകാരം ലൈസൻസികളുടെ കുടിശ്ശിക ചുവടെ ചേർക്കുന്നു :

ലൈസൻസി	രൂപ
1. കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോൺ, കൊച്ചി	3,33,42,745
2. കൊച്ചിൻ പോർട്ട് ട്രസ്റ്റ്, കൊച്ചി	64,67,135
3. കണ്ണൻദേവൻ ഹിൽസ് പ്ലാന്റേഷൻസ് കമ്പനി (പ്രൈവറ്റ്) ലിമിറ്റഡ്, മൂന്നാർ	9,03,12,825
4. കിനെസ്കോ പവർ യൂട്ടിലിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി	5,983
5. ടെക്നോപാർക്ക്, തിരുവനന്തപുരം	1,31,71,446
6. റബ്ബർ പാർക്ക് ഇന്ത്യ (പ്രൈവറ്റ്) ലിമിറ്റഡ്, കൊച്ചി	ഇല്ല
7. മിലിട്ടറി എഞ്ചിനീയറിംഗ് സർവ്വീസസ്, കൊച്ചി	ഇല്ല
8. തൃശ്ശൂർ കോർപ്പറേഷൻ, തൃശ്ശൂർ	ഇല്ല.

വൈദ്യുതി ബോർഡിന്റെ അധീനതയിലുള്ള അണക്കെട്ടുകളിലെ മണൽ നിക്ഷേപം

148 (4211) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അണക്കെട്ടുകളിൽ ഓരോന്നിലും മണൽ നിക്ഷേപം എത്ര അളവ് വീതം ഉണ്ടെന്നതിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly